ക്യൂ1/103518/2016/കോ:വി:വ:

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം -33
തീയതി: 29/08/2016.

## പത്രക്കുറിപ്പ്

സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് 2015-16 ഫ്രഷ് ലഭിച്ചവർക്ക് 2016-17 റിന്യൂവൽ (പുതുക്കൽ) നുള്ള അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്

2015-16 അദ്ധ്യയന വർഷത്തിൽ സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് ഫ്രഷ് ലഭിച്ചവർക്ക് 2016-17 അദ്ധ്യയന വർഷത്തിലെ സ്കോളർഷിപ്പ് പുതുക്കലിനുള്ള അപേക്ഷ ഇപ്പോൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. മിനിസ്ട്രി ഓഫ് ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റാണ് അവാർഡ് നൽകുന്നത്. അപേക്ഷകൾ നാഷണൽ സ്കോളർഷിപ്പ് പോർട്ടലായ www.scholarships.gov.in എന്ന വെബ്സൈറ്റ് വഴി ഓൺ ലൈൻ ആയിട്ടാണ് സമർപ്പിക്കേണ്ടത്. 2015-16 അദ്ധ്യയന വർഷം സ്കോളർഷിപ്പ് പുതിയതായി ലഭിച്ചവർ തുടർന്നും ഗവൺമെന്റ്/എയ്ഡഡ്/അംഗീകൃത അൺഎയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കുമാണ് അർഹത. 2015-16 ലെ വാർഷിക പരീക്ഷയിൽ 60%. ത്തിനു മുകളിൽ മാർക്ക് നേടിയിട്ടുള്ളവർക്കും സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ളവർക്കും മാത്രമെ അപേക്ഷിക്കാൻ അർഹതയുള്ളു.

അപേക്ഷകർ നിർബന്ധമായും ആധാർ കാർഡ് കരസ്ഥമാക്കേണ്ടതും ആധാർ നമ്പർ തങ്ങളുടെ ബാങ്ക് അക്കൗണ്ട് നമ്പരുമായി ബന്ധിപ്പിക്കേണ്ടതുമാണ്.

അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി- 30/09/2016

ബന്ധപ്പെടേണ്ട ഇ-മെയിൽ വിലാസം-centralsectorscholarship@gmail.com

വിളിക്കേണ്ട നമ്പർ - 0471- 2306580

9446096580, 9446780308

കൂടുതൽ വിവരങ്ങൾക്ക്

www.dcescholarship.kerala.gov.in
www.collegiateedu.kerala.gov.in

എന്ന സൈറ്റുകൾ സന്ദർശിക്കുക.

കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ

എസ്.എസ്-30/8/16

08304913
GOVERNMENT OF KERALA 2015 -16